# ‘പൂർണ്ണസമർപ്പണത്തോടെയുള്ള ആരാധന’

## വെളിപ്പാട് 4:11

“കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞുംകൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിൻ മുമ്പിൽ ഇടും.”

സ്വർഗ്ഗീയ സിംഹാസനത്തിൽ ഇരിക്കുന്ന നമ്മുടെ കർത്താവിന്റെ ചുറ്റുമുള്ള 24 മൂപ്പന്മാരും കർത്താവിനെ നമസ്കരിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന രീതിയാണ് ഈ അദ്ധ്യായം തുടക്കം മുതൽ വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. അവർ തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിൻ മുമ്പിൽ ഇട്ടുകൊണ്ടാണ് ദൈവത്തെയും കുഞ്ഞാടിനെയും മഹത്വപ്പെടുത്തുന്നത്. കിരീടം എന്നത് സൂചിപ്പിക്കുന്നത് ഒരു പ്രത്യേക പദവിയെ ആണല്ലോ.

ഈ രീതിയിലുള്ള ആരാധന നമ്മെ പഠിപ്പിക്കുന്നത് ഒരു സമ്പൂർണ്ണമായ സമർപ്പണമാണ്. നമ്മുടെ ജീവിതത്തിലുള്ള എല്ലാ പദവികളും ദൈവത്തിന്റെ ദാനമാകുന്നുവല്ലോ. അവയെല്ലാം ദൈവത്തിന്റെ സന്നിധിയിലേക്ക് പൂർണ്ണമായി വിട്ടുകൊടുത്ത് നമുക്കു അവിടുത്തെ സന്നിധിയിൽ ആരാധിക്കാം. അപ്രകാരം ജഢത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി വിശുദ്ധിയിൽ, വേർപാടിൽ ദൈവഹിതപ്രകാരം നാം ദൈവത്തെ ആരാധിക്കണം.

ഇന്നു നമ്മുടെ ജീവിതത്തിൽ നാം മുറുകെ പിടിച്ചിരിക്കുന്ന ചില സ്വാർത്ഥ താല്പര്യങ്ങളോ, നിയന്ത്രിക്കുവാൻ കഴിയാത്ത ചില ജഢിക സ്വാഭാവങ്ങളോ ഉണ്ടെങ്കിൽ അവയെല്ലാം കർത്താവിന്റെ സന്നിധിയിൽ പൂർണ്ണമായി വിട്ടുപേക്ഷിക്കേണ്ട സമയമാണിത്. അതിനായി കൂടുതൽ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. ‘പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോവുകയില്ല’ എന്ന് മത്തായി 17:21ൽ കർത്താവ് പറയുന്നുണ്ടല്ലോ.

കർത്താവിനെ പൂർണ്ണമനസ്സോടെ, പൂർണ്ണഹൃദയത്തോടെയും നാം സ്നേഹിക്കണം. അപ്രകാരം ദൈവഹിതപ്രകാരം നാം ദൈവത്തെ സേവിക്കുമ്പോൾ സകല ബുദ്ധിയെയും കവിയുന്ന ദൈവികസമാധാനം നമ്മിൽ നിറയുവാൻ തക്കവണ്ണം ഇടയാകും. ആത്മാവിന്റെ ഫലങ്ങൾ നമ്മിൽ നിന്നും പുറപ്പെടുവാൻ ഇടയായിത്തീരും.

പ്രിയദൈവപൈതലേ, നീ ഇന്നും ദൈവസന്നിധിയിൽ പൂർണ്ണ സമർപ്പണത്തോടെ പ്രാർത്ഥിക്കുവാൻ, ആരാധിക്കുവാൻ കഴിയാതെ ആയിരിക്കുന്നുവോ? താങ്കളെ തടസ്സപ്പെടുത്തുന്ന ചില പദവികളായ കിരീടങ്ങൾ എല്ലാം കർത്താവിന്റെ സന്നിധിയിലേക്ക് ഇട്ടുകൊടുത്തുകൊണ്ട് ആ ബലമുള്ള കരത്തിൽ അഭയം പ്രാപിക്കുവാൻ ഇടയാകട്ടെ. അപ്രകാരമുള്ള പൂർണ്ണ സമർപ്പണത്തോടെയുള്ള ആരാധന കാഴ്ചവെക്കുവാൻ ദൈവം നമ്മെ ഏവരെയും പണിതെടുക്കുമാറാകട്ടെ.

**പരാമർശം :**

**റോമർ 12:1,2**

'സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർമ്മിപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളും ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ'.

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 036